## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1004

06.06.2018-ൽ മറുപടിയ്ക്ക്.

## പാലുല്പാദനത്തിൽ സ്വയം പര്യാപ്തത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സി.ജോസഫ് | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനം ഒരു വർഷത്തിനുള്ളിൽ പാലുല്പാദനത്തിൽ സ്വയംപര്യാപ്തത നേടുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് ആധാരമായ വസ്തുതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) പ്രഖ്യാപിച്ചിട്ടുണ്ട്. പാലുല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1) മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി<br>2) ക്യാറ്റിൽ ഫീഡ് സബ്സിഡി<br>3) തീറ്റപ്പുൽ കൃഷി വികസന പദ്ധതികൾ<br>4) ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം<br>5) ഹീഫർ പാർക്ക്<br>6) ക്ഷീരഗ്രാമം<br>7) ഡെയറി സോൺ<br>8) കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി<br>9) ക്ഷീരകർഷകർക്കുള്ള ബോധവത്കരണ പരിപാടി<br>ഈ പദ്ധതികൾ മികച്ച രീതിയിൽ പുരോഗമിക്കുന്നതിനാൽ ഗുണപരമായ മാറ്റങ്ങൾ ക്ഷീരമേഖലയിൽ ദൃശ്യമാണ്. 2017-18 വർഷം പാൽ ഉത്പാദനത്തിൽ 11.81% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഈ നില തുടർന്നാൽ ഒരു വർഷത്തിനുള്ളിൽ പാൽ ഉത്പാദനത്തിൽ സ്വയംപര്യാപ്തത നേടാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) മിൽക്ക് ഷെഡ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്; | (ബി) മിൽക്ക് ഷെഡ് പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നു.<br>1. ഗോദാനം<br>2. 2 പശു യൂണിറ്റ്<br>3. 3 പശു യൂണിറ്റ്<br>4. 5 പശു യൂണിറ്റ്<br>5. 10 പശു യൂണിറ്റ്<br>6. 5 കിടാരി യൂണിറ്റ്<br>7. 10 കിടാരി യൂണിറ്റ്<br>8. അവശ്യാധിഷ്ഠിത സഹായം<br>9. കറവ യന്ത്രങ്ങൾ വാങ്ങുന്നതിനുള്ള സഹായം<br>10. ഹീഫർ പാർക്ക്<br>11. കന്നുക്കുട്ടി ദത്തെടുക്കൽ പദ്ധതി |

| | | | |
|---|---|---|---|
| (സി) | 2017-18 ൽ പ്രഖ്യാപിച്ച ഗോസമൃദ്ധി പദ്ധതി പ്രകാരം എന്തൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കുന്നത് എന്നറിയിക്കാമോ; | (സി) | ക്ഷീരകർഷകർക്ക് അവരുടെ വിലയേറിയ ഉരുക്കളുടെ മരണം, ഉൽപ്പാദന പ്രത്യുല്പാദന ക്ഷമത നഷ്ടപ്പെടുന്നത് മൂലം ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം എന്നിവയിൽ നിന്നും സംരക്ഷണം ഉറപ്പുവരുത്തുവാനാണ് ഗോസമൃദ്ധി പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതി പ്രകാരം ജനറൽ വിഭാഗത്തിലെ കർഷകരുടെ 55,000 ഉരുക്കളെയും എസ്.എസി/എസ്.ടി വിഭാഗത്തിലെ കർഷകരുടെ 5000 ഉരുക്കളേയും ചേർത്ത് ആകെ 60,000 ഉരുക്കളെ (പശു / എരുമ) ഇൻഷ്വർ ചെയ്യുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (ഡി) | അഞ്ചിൽ കൂടുതൽ കറവപ്പശുക്കളുള്ള ക്ഷീര കർഷകർക്ക് കറവ യന്ത്രം നൽകുന്നതിനുള്ള പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; | (ഡി) | പ്രാവർത്തികമാക്കിയിട്ടുണ്ട്. |
| (ഇ) | സംസ്ഥാനത്ത് നിലവിലെ പാലിന്റെ ആവശ്യകത എത്രയാണെന്നും അതിൽ ആഭ്യന്തര ഉല്പാദനം എത്രയാണെന്നും വെളിപ്പെടുത്തുമോ? | (ഇ) | സംസ്ഥാനത്ത് ഏകദേശം 87 ലക്ഷം ലിറ്റർ പാൽ പ്രതിദിനം ആവശ്യമായിട്ടുണ്ട് എന്ന് കണക്കാക്കപ്പെടുന്നു. സംസ്ഥാനത്ത് ആവശ്യമുള്ളതിന്റെ 80 ശതമാനത്തിലധികം പാൽ ഉല്പാദിപ്പിക്കപ്പെടുന്നു എന്നു കണക്കാക്കപ്പെടുന്നു. |

**സെക്ഷൻ ഓഫീസർ**